**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**<u>പോലീസുദ്യോഗസ്ഥരുടെ ആത്മഹത്യ</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1985. 11/02/2020-ൽ മറുപടിക്ക്**

| **<u>ചോദ്യം</u>**<br>**ശ്രീ.വി.ഡി.സതീശൻ** | **<u>മറുപടി</u>**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പോലീസുദ്യോഗസ്ഥർ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പോലീസുദ്യോഗസ്ഥർ ആത്മഹത്യ ചെയ്ത ദൗർഭാഗ്യകരമായ സംഭവങ്ങൾ 2017, 2018 വർഷത്തെക്കാൾ 2019-ൽ വർദ്ധിച്ചിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>NCRB-യുടെ ക്രൈം ഇൻഡ്യ പ്രസിദ്ധീകരിച്ച വിവരങ്ങൾ പ്രകാരം കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥരുടെ ആത്മഹത്യാ നിരക്ക് കുറവാണ്. |
| (ബി) | ഇത്തരം ആത്മഹത്യയ്ക്ക് കാരണമായ വസ്തുതകൾ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഔദ്യോഗിക കൃത്യനിർവഹണവുമായി ബന്ധപ്പെട്ടും, കുടുംബപരമായ പ്രശ്നങ്ങൾ കാരണവും, സേനയിലെ അംഗങ്ങൾക്കിടയിൽ ഉണ്ടായ മാനസിക വ്യഥകൾ നിമിത്തമാണ് ഇത്തരത്തിലെ ചില സംഭവങ്ങളെങ്കിലും ഉണ്ടായത് എന്നും കണ്ടിട്ടുണ്ട്.<br><br>ഒരു പോലിസ് സംവിധാനം പ്രൊഫഷണൽ സമീപനത്തോടെ രൂപപ്പെടുത്തുക എന്നുള്ളത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് പ്രധാനമാണ്. അനാവശ്യമായ സമർദ്ദങ്ങളും ഇടപ്പെടലുകളും മാറ്റിനിർത്തിക്കൊണ്ടുള്ള പ്രൊഫഷണൽ സംവിധാനത്തിലൂടെ മാത്രമേ ഇക്കാര്യം |

| | | | |
|---|---|---|---|
| | | | സാധ്യമാക. പോലീസുദ്യോഗസ്ഥരുടെ മാനസികക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ വിവിധ മാർഗ്ഗങ്ങൾ പോലീസ് സ്റ്റേഷൻ തലത്തിൽ തന്നെ നടത്തിവരികയാണ്. ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്ക് ഇത്തരത്തിലുള്ള മാനസിക ബുദ്ധിമുട്ട്/പ്രശ്നങ്ങൾ ഉള്ളതായി മനസ്സിലാക്കിയാൽ അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (സി) | ഉന്നതപോലീസുദ്യോഗസ്ഥരുടെ മാനസികപീഡനവും അമിതജോലിഭാരവും മൂലം പോലീസുദ്യോഗസ്ഥരുടെ ഇടയിൽ ഉണ്ടായിട്ടുള്ള മാനസികപിരിമുറുക്കം കുറയ്ക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (സി) | പോലീസുദ്യോഗസ്ഥരുടെ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനായി Stress Management ക്ലാസ്സുകളും യോഗാ ക്ലാസ്സുകളും ആത്മഹത്യാ പ്രവണത ഇല്ലാതാക്കാൻ കൗൺസിലിങ്ങും നടത്തി വരുന്നു. കൂടാതെ പോലീസുദ്യോഗസ്ഥരുടെ ജോലിഭാരം കുറയ്ക്കുന്നതിന്റെ മുന്നോടിയായി 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) | തൃശ്ശൂർ പോലീസ് അക്കാദമിയിലെ എസ്.ഐ. അനിൽകുമാർ ജീവനൊടുക്കിയതു സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണ്; അദ്ദേഹം ആത്മഹത്യ ചെയ്യുതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; അതിനു കാരണക്കാരായവരുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | തൃശ്ശൂർ പോലീസ് അക്കാദമിയിലെ എ.പി.എസ്.ഐ ശ്രീ. അനിൽകുമാർ ആത്മഹത്യ ചെയ്യുത് സംബന്ധിച്ച് ഇടുക്കി ജില്ലയിലെ കട്ടപ്പന പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 850/19 U/s 174 CrPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്യുകയും ടി കേസ്സ് നിലവിൽ അന്വേഷണാവസ്ഥയിലുമാണ്. അദ്ദേഹം ആത്മഹത്യ ചെയ്യുതിന്റെ കാരണം കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ